എന്നിവയിൽ പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് സഹായിക്കുക.

(4) നൂതന കൃഷിമാർഗ്ഗങ്ങൾ കൃഷിവികസനം മുതലായവയുടെ പ്രയോജനങ്ങൾ കൃഷിക്കാർക്ക് വ്യക്തമാക്കി കൊടുക്കുവാൻ സഹായിക്കുക.

(5) സംഘടിതമായും ക്ലേശരഹിതമായും പ്രവർത്തിക്കാൻ കർഷക സമിതികളെ പ്രാപ്തരാക്കുക.

(6) ദീർഘകാലം പ്രവർത്തനക്ഷമമായി തുടരുവാൻ കർഷകസമിതികളെ കർമ്മോൻമുഖരാക്കുക.

(7) കർഷകർക്ക് ഇടപെടേണ്ട വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തനം സുഗമമാക്കുക.

(ജി) ഉണ്ട്.

(എച്ച്) ഈ വിഭാഗം ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്കാണ് നിയമിക്കുന്നത്. സോഷ്യോളജിസ്റ്റിന് പ്രതിമാസം 9000/-രൂപയും സീനിയർകമ്മ്യൂണിറ്റി ഓർഗനൈസർമാർക്ക് 6500/- രൂപയും കമ്മ്യൂണിറ്റി ഓർഗനൈസർമാർക്ക് 5000/- രൂപയുമാണ് വേതനം നൽകുന്നത്. കൂടാതെ അർഹതപ്പെട്ട യാത്രാബത്തയും നൽകുന്നു.

(ഐ) ജലസേചനവകുപ്പിലെ സ്ഥിരം തസ്തികകളിൽ നിയമനം നൽകുന്നത് പി.എസ്.സി.മുഖേനയാണ്. കേരളാ മൈനർ ഇറിഗേഷൻ പ്രോജക്ടിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള സോഷ്യോളജിസ്റ്റിനും കമ്മ്യൂണിറ്റി ഓർഗനൈസേഴ്സിനും പ്രോജക്ടിന്റെ കാലാവധി തീരുന്നതുവരെ മാത്രമേ സർവ്വീസിൽ തുടരാൻ സാധിക്കുകയുള്ളൂ. ഈ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല. കരാറടിസ്ഥാനത്തിൽ നിയമിച്ച ഈ ജീവനക്കാർക്ക് അർഹതപ്പെട്ട ശമ്പളം യഥാസമയം നൽകുന്നുണ്ട്. ഇവർക്ക് 1999 ജനുവരി മുതലുള്ള യാത്രാബത്ത നൽകാനുണ്ട്. ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

51 (3508) കുരിയാർകുറ്റി-കാരപ്പാറ പദ്ധതി

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയിൻകീഴിൽ മൂലത്തറ റഗുലേറ്റർ മുതൽ കോരയാർ പുഴ വരെ എത്ര ആയക്കെട്ട് ലഭ്യമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽനിന്ന് ഇപ്പോൾ എത്ര ഏക്കർ സ്ഥലത്ത് കൃഷിക്ക് ജലം എത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ബാക്കി സ്ഥലത്ത് കൃഷിക്കാവശ്യമായ ജലം എത്തിക്കാൻ എത്ര ജലത്തിന്റെ ആവശ്യമുണ്ടെന്നാണ് കണക്കാക്കുന്നത്?

<u>ഉത്തരം</u>

(എ) 13483 ഹെക്ടർ.

(ബി) 1200 ഹെക്ടർ സ്ഥലത്ത് ജലം എത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൃത്യമായ കണക്കുകൾ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കിവരുന്നതേയുള്ളൂ.

52 (3509) പി.എ.പി. കരാർ

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970 മുതൽ ഇതുവരെ പി.എ.പി.കരാർ പ്രകാരം പ്രതിവർഷം മണക്കടവ് വിയറിൽനിന്നും കേരളത്തിന് ലഭിക്കുന്ന ജലത്തിന്റെ അൺകൺട്രോൾഡ് ഫ്ളഡ് വാട്ടർ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ ലഭിക്കുന്ന ജലം കേരളത്തിന് ഉപയോഗപ്രദമാകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ എങ്ങനെയെന്നും, എത്രയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1970 മുതൽ 1997-98 വരെയുള്ള വർഷങ്ങളിൽ മണക്കടവ് വിയറിൽ ആകെ ഒഴുകിയെത്തിയത് 311.817 ടി.എം.സി.ഫീറ്റ് ജലമാണ്. ഇതിൽ പി.എ.പി. യിലെ അലിയാർ, തിരുമൂർത്തി റിസർവോയറുകളിൽ തടഞ്ഞു നിർത്താൻ പറ്റാതെ പുറത്തേയ്ക്കുവിട്ട അൺകൺട്രോൾഡ് ഫ്ളഡ് വാട്ടർ (പ്രളയജലം) 42.463 ടി.എം.സി. ഫീറ്റ് ആണ്.

(ബി) ഇങ്ങനെ ലഭിക്കുന്ന ജലം ചിറ്റൂർപ്പുഴ പദ്ധതിവഴി കൃഷിക്ക് ഉപയോഗിക്കുന്നു.

(സി) അനിയന്ത്രിത പ്രളയജലമായി ലഭിക്കുന്ന ഈ ജലം മീൻകര, ചുള്ളിയാർ എന്നീ ജലസംഭരണികളിലും നിലവിലുള്ള 'ഏറി'കളിലും ശേഖരിച്ച് ഉപയോഗിക്കുന്നതിനാൽ ഇതിന് വ്യക്തമായ കണക്കുകളില്ല.

53 (3511) ഗ്രാമ പഞ്ചായത്തിൽ ശുദ്ധജല വിതരണം നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ജലവിതരണ പദ്ധതികൾ

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാട്ടർ അതോറിറ്റി ഒരു ഗ്രാമ പഞ്ചായത്തിൽ മാത്രം ശുദ്ധജലവിതരണം നടത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് എത്ര ജലവിതരണപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്;

(ബി) ഈ ജലവിതരണ പദ്ധതിക്കുവേണ്ടിയുള്ള മൊത്തം മുതൽക്കൂട്ട് എത്രയാണ്;

(സി) ഇത്തരത്തിൽപ്പെട്ട ജലസേചന പദ്ധതികൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly